(ബി) ഐഡിയോപ്പതിക് ത്രോംബോസൈറ്റോപെനിക് പർപ്പ്യൂറ (ഐ.റ്റി.പി.) പോലെയുള്ള ചികിത്സാചെലവ് കൂടിയ അസുഖങ്ങളെ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഏതൊക്കെ അസുഖങ്ങളെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം നാളിതുവരെ 5278 രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. 61,56,63,419 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കുടിശ്ശികയായി 21,79,29,412 രൂപ ഇനി നൽകാനുണ്ട്.

(ബി) ഐഡിയോപ്പതിക് ത്രോംമ്പോ സൈറ്റോപെനിക് പർപ്യൂറ (ഐ.റ്റി.പി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടില്ല. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് നിലവിൽ ചികിത്സാ ധനസഹായം നൽകി വരുന്നത്.

കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കാനാവശ്യമായ ക്രമീകരണങ്ങൾ

171 (4162) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ രോഗികൾക്ക് 3,000 രൂപ ചികിത്സാ സഹായം നല്കുന്ന കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) എം.എൽ.എ.-മാരുടെ കവറിംഗ് ലെറ്ററോടുകൂടി വകുപ്പുമന്ത്രിക്ക് സമർപ്പിക്കുന്ന ടി അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കാനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ&ബി) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും 13-11-2014 വരെ 48053 രോഗികൾക്ക് 527.27 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ഒറ്റത്തവണ സമാശ്വാസ ചികിത്സാ സഹായ പദ്ധതിയിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

4.57 കോടി രൂപ 15,234 രോഗികൾക്ക് വിതരണം ചെയ്തു. അപേക്ഷകരുടെ ബാഹുല്യംമൂലം ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ അപേക്ഷകൾ കൂട്ടത്തോടെ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും അത്യാവശ്യ സാഹചര്യങ്ങളിൽ അപേക്ഷകൾ സ്വീകരിക്കാറുണ്ട്. രോഗികളുടെ സൗകര്യാർത്ഥവും താമസം ഒഴിവാക്കുന്നതിനും 14 ജില്ലാ ലോട്ടറി ഓഫീസുകളിലും അപേക്ഷകൾ സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൻ മുൻപ് ഒറ്റത്തവണ ധനസഹായം കൈപ്പറ്റിയിട്ടുണ്ടോയെന്നും ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ടോ എന്നും ജില്ലാ ലോട്ടറി ഓഫീസിൽ സൂക്ഷ്മപരിശോധന നടത്തി ലഭിക്കുന്നത് കാലതാമസം ഒഴിവാക്കാനും ഇടയാകും. ഇത് പരമാവധി രോഗികൾക്ക് ഒറ്റത്തവണ ധനസഹായം നൽകുന്നതിന് സഹായകരമാകും.

ലോട്ടറിയുടെ സമ്മാനഘടന പരിഷ്കരണം

172 (4163) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ലോട്ടറിയുടെ സമ്മാന ഘടന പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഇപ്പോഴത്തെ സമ്മാന ഘടനയുടെ പകരം കൂടുതൽ വ്യക്തികൾക്കു നേട്ടമുണ്ടാകുന്ന രീതിയിൽ സമ്മാന ഘടനയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ തയ്യാറാകുമോ;

(സി) ലോട്ടറി ടിക്കറ്റ് ഏർപ്പെടുത്തിയിരിക്കുന്ന ടാക്സ് ഘടനയിലും കാലോചിതമായ മാറ്റം വരുത്തുന്നത് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൂടുതൽ വ്യക്തികൾക്ക് സമ്മാനം ലഭിക്കുന്നവിധത്തിൽ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് സമ്മാനഘടനയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലാണ്.

(സി) ലോട്ടറി സമ്മാന തുകയിന്മേലുള്ള ആദായ നികുതി പരിഷ്കരിക്കുന്ന വിഷയം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly